# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**
**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെഎസ്എ.കെടിഎം.പി.4/1414/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 01/11/2023
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം.പി.4/1414/2023 തീയ്യതി: 01/11/2023

# കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-05-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2023 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 02-08-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-07-2023 | 02-08-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ
ശ്രീ ഷാജിമോൻ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ജോഷി തോമസ,ഓഡിറ്റര

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബെൽജി ഇമ്മാനുവേൽ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീകുമാർ എസ് കൈമൾ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീകുമാർ വി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ. സാം സാവിയോ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. ശ്രീകുമാർ എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 01-07-2022 |
| ഡോ. ജിൻസി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-07-2022 | 24-12-2022 |
| ഡോ. രമ്യാ രാമൻ നായർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 25-12-2022 | 31-03-2023 |
| ഡോ. സുജ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. ജോജി മാത്യു | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ രാജീവ് കുമാർ ആർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ ഡെന്നീസ് ജോർജ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി അപർണ്ണ സി എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 14-12-2022 |
| ശ്രീമതി വിഷ്ണുപ്രിയ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 15-12-2022 | 31-03-2023 |
| ശ്രീ വിമൽകുമാർ വി വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (മരങ്ങാട്ടുപിള്ളി) | 01-04-2022 | 31-03-2023 |
| ശ്രീ ബിനീഷ് ബി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (കുറിച്ചിത്താനം) | 01-04-2022 | 31-03-2023 |
| ശ്രീമതി ജെമിനി ജോൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-07-2022 |
| ശ്രീമതി സൗമ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 31-07-2022 | 31-03-2023 |
| ശ്രീ സനീഷ് കെ. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി | 01-04-2022 | 05-09-2022 |

| | | | |
|---|---|---|---|
| ശ്രീ രാജേഷ് കുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ് ജി ഡി | 06-09-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | Prior Period-വിശദാംശം ലഭ്യമല്ല | 1-1-3 |
| 5 | Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ - വിശദാംശങ്ങൾ ലഭ്യമായില്ല | 1-1-5 |
| 7 | പഞ്ചായത്ത് ജനറൽ ഫണ്ട് കണക്ക് കൃത്യമല്ല | 1-1-6 |
| 8 | ബജറ്റ്-വിശകലനം | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 12 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ഓൺലൈൻ രസീത് വരവുകൾ - IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം | 1-11 |
| 18 | വസ്തു നികുതി ഇനത്തിൽ കുടിശിക | 1-12 |
| 19 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-13 |
| 20 | എയർ കണ്ടീഷനിംഗ് സംവിധാനത്തിന് അധിക വർധന വരുത്തിയിട്ടില്ല | 1-14 |
| 21 | അനധികൃത നിർമാണത്തിന്മേൽ നടപടി സ്വീകരിച്ചില്ല | 1-15 |
| 22 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 23 | വാടക - അപാകതകൾ | 1-17 |
| 24 | കെ.യു ആർ.ഡി എഫ് സി ലോൺ -അധികം തുക സ്ത്രോതസിൽ നിന്നും കുറവു ചെയ്തു | 1-18 |
| 25 | അധിക വിഭവ സമാഹരണം- അവലോകനം | 1-19 |
| 26 | വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല | 1-20 |
| 27 | ടേക്ക് എ ബ്രേക്ക് കുഴൽ കിണർ നിർമ്മാണം- ചെലവഴിക്കാത്ത തുക തിരികെ ലഭ്യമായിട്ടില്ല | 1-21 |
| 28 | പേവിഷ നിർമ്മാർജ്ജനം - കുത്തിവയ്പ് നൽകിയ നായകൾക്ക് പഞ്ചായത്ത് ലൈസൻസ് ലഭ്യമാക്കിയില്ല | 1-22 |
| 29 | അങ്കണവാടി പൂർത്തീകരണത്തിനായി തുക കൈമാറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 30 | ലൈഫ് ഭവന പദ്ധതി അവലോകനം | 1-24 |
| 31 | 'ടേക്ക് എ ബ്രേക്ക്' -കെട്ടിടം നാളിതുവരെ പ്രയോജനപ്പെടുത്തിയില്ല | 1-25 |
| 32 | മാലിന്യ സംസ്കരണം - തുടർനടപടികൾ കാര്യക്ഷമമാക്കേണ്ടതു സംബന്ധിച്ച് | 1-26 |
| 33 | ജലനിധി പ്രോജക്ടുകൾ -തുടർ നടത്തിപ്പ് | 1-27 |

| | | |
|---|---|---|
| 34 | ഹോമിയോ സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ- അക്കൗണ്ട് നമ്പർ തെറ്റി നൽകിയ തുക തിരികെ ലഭ്യമായില്ല | 1-28 |
| 35 | ജനകീയ ഹോട്ടൽ -പഞ്ചായത്ത് പരിധിയിൽ സൗകര്യമായ കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-29 |
| 36 | കുടുംബശ്രീ ഹെൽപ് ഡെസ്ക്ക് - നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചില്ല | 1-30 |
| 37 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ- മാപ്പിങ്ങ് പൂർത്തിയായിട്ടില്ല | 1-31 |
| 38 | എം. ജി. എൻ .ആർ .ഇ .ജി എസ് -ഡിസ്പ്ലേ ബോർഡ് വാങ്ങൽ | 1-32 |
| 39 | വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 40 | കന്ന്കുട്ടി പരിപാലനപദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക -ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചാ
ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുന
ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, ത
സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലെ
ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേ
ഷെഡ്യൂളുകളിൽ 31/03/2023ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെ
മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ
തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്ക
ചെയ്യേണ്ടതാണ്.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മരങ്ങാട്ടുപള്ളി ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീ
പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീ
പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്ര
ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങ
ഭരണസമിതിയുടെ 22.06.2023 തീയതിയിലെ 1(1) തീരുമാനം പ്രകാരം അംഗീകരിച്ച് 22.
തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികക
അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേ
പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധക
2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകു
ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മ
നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങ
പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡി
വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തി
മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി
അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത്
സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ
അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവന
വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് 
ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡ
മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്ത
തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂട
പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്ക
സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തില
അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായ
അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെ
അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ല
ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്ത്
അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രക
സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്ത അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ വിധേയമായി, മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്ക വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്ത നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-2 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേയ്ക്ക് ഒടുക്കാനുള്ള തുകകളുടെ കൃ വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് 350300199, ശീർഷകത്തിൽ നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിൽ വ്യക്തത കൂടാതെ വിവിധ നികുതി-നികുതിയേതര വരവുകൾ മുൻകൂറായി ലഭിക്കുന്നവ വിവരവും അവയുടെ ക്രമീകരിക്കലും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി അവ ക്രമീകരിക്കൽ നിരീക്ഷിക്കുന്നില്ല. പഞ്ചായത്ത് ഫണ്ടിൽ ബാധ്യതയായി നിലനിൽക്കുന്ന ഏജൻസികൾക്ക് നൽകാനുള്ള തുകകൾ, മുൻകൂർ വരവുകൾ എന്നിവയുടെ വിനി രജിസ്റ്ററിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതാണ്. എന്താണെന്ന് വ്യക്തതയില്ല നിലനിൽക്കുന്ന ബാധ്യതകൾ എന്താണ് എന്ന് കണ്ടെത്തി ILGMS-ൽ അവ കൃത്യ ശീർഷകങ്ങളിലേക്ക് അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-3 Prior Period-വിശദാംശം ലഭ്യമല്ല

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടു ലഭ്യമാക്കിയിട്ടില്ല. 290800701-Prior Period Expenses-Miscellaneous Expenses ശീർഷകത്തിൽ ആസ്തികള മൂല്യശോഷണം അക്കൗണ്ട് ചെയ്തത് വിശദീകരിക്കപ്പെട്ടിട്ടില്ല.

### 1-1-4 Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിന പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നത വ്യക്തതയില്ല.

### 1-1-5 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ - വിശദാംശങ്ങൾ ലഭ്യമായില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

### 1-1-6 പഞ്ചായത്ത് ജനറൽ ഫണ്ട് കണക്ക് കൃത്യമല്ല

31.03.2023ലെ പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടി

## 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 22.03.2023ലെ 1/1-ാം തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റിൽ മുൻപ് അംഗീകരിച്ച ബജറ്റിൽ നി വരവ്-ചെലവ് കണക്കുകളിൽ വ്യത്യാസമില്ല. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവര ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കു ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് |
|---|---|
| മുന്നിരിപ്പ് | 1,19,44,448 |
| വരവ് | 14,22,71,400 |
| ആകെ | 15,42,15,848 |
| ചെലവ് | 14,67,43,093 |
| നീക്കിയിരിപ്പ് | 74,72,755 |

ബജറ്റ് പ്രകാരം 14.22കോടി രൂപ വരവും 14.67കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 9.31കോടി രൂപയും ചെ 10.56 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവു മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്.

## 1-3 സാമ്പത്തിക വിശകലനം

### റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 15,947,280 |
| ഓഡിറ്റ് വർഷത്തെ വരവ് | 29,789,469 |
| ആകെ | 45,736,749 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 28,603,657 |
| നീക്കിയിരിപ്പ് | 17,133,092 |

### ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 93,162,608 |
| ആകെ ചെലവ് | 105,607,646 |
| വരുമാന നഷ്ടം(Deficit) | (12,445,038) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | (56,119) |
| അറ്റ വരുമാന നഷ്ടം | (12,388,919) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2116992 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടി സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പെടെ വരുമാന-ചെ ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമ 9,31,62,608/- രൂപയും (9.31 കോടി) ചെലവ് 10,56,07,646/- രൂപയുമാണ്(10.56 കോടി).

## 1-4 ഗ്രാന്റ് വിനിയോഗം

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കു പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം എ.സി.ആർ. പ്രകാരമുള്ളതും പട്ടിക ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 14384000 | 14384000 | 14242513 | 141487 | 98 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-SCSP | 0 | 2729000 | 2729000 | 2729000 | ---- | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 19897 | 2585688 | 2605585 | * 2531512 | 74073 | 96 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 3779082 | 3779082 | ** 847214 | 2931868 | 21 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 7052000 | 7052000 | 5688591 | 1363409 | 81 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 4570000 | 4570000 | 4093687 | 476313 | 94 |
| National Health Mission(NHM) ഫണ്ട്(1) | 0 | 505000 10326(Interest) | 515326 | --- | 515326 | |
| National Health Mission(NHM) ഫണ്ട്(2) | 0 | 86572+93303 2363(Interest) | 182238 | --- | 182238 | |
| ജലനിധി സുസ്ഥിരത | 7088751 | 1310956 | 8399707 | 1221516 | 7178191 | - |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ കുടിവെള്ള ഗ്രാന്റ്, ജലനിധി സുസ്ഥിരത എന്നിവ‍ നിന്നുള്ള ചെലവ് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമല്ല. പ്രോജക്റ്റിതരമായിട്ടാ ഗ്രാന്റുകൾ ചെലവഴിക്കുന്നത്.

ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 3034941 രൂപ 3005797രൂപ ബാങ്കിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ക്യാരി ഓവർ വിഹിതം ട്ര അലോട്ട്മെന്റായി ലഭിച്ച 29144 രൂപയിൽ ചെലവഴിക്കാത്ത 29144 രൂപയാണ് പഞ്ചായത ലാപ്സായത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യതിലെ വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ ക ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ഉ പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ട അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധ പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

* മുന്നിരിപ്പ് – 19897/- ട്രഷറി, ബാങ്ക് വരവ് പലിശ ഉൾപ്പെടെ (82626) ഉള്ള വരവാണ് 2605585 ചെ 2531512 കിഴിച്ചുള്ള 74011 ബാങ്കിൽ അവശേഷിക്കുന്നു.

** ട്രഷറി, ബാങ്ക് വരവ് ഉൾപ്പെടെ ഉള്ള വരവിൽ 847214/- രൂപയുടെ ചെലവ് കിഴിച്ചുള്ള 2931 രൂപ ബാങ്കിൽ അവശേഷിക്കുന്നു.

## 1-5 വാർഷിക പദ്ധതി അവലോകനം

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) ഒ വാർഷിക പദ്ധതിയ്ക്ക് (2022-23)ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ്

82898/22/DPC/DPO/KTM തീയതി 06-03-2023 പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണ സമിതി യോഗം | 13/05/22 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 24/05/22 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം (ഗ്രാമസഭ) | 28/05/22-29/05/22 |
| വികസന സെമിനാർ | 22/06/22 |
| ഊരുകൂട്ടം | 06/06/22 |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശ ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2673160 | 1253020 | 47 |
| വെറ്ററിനറി സർജൻ | 7 | 7 | 2172517 | 1472517 | 68 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | 8 | 5 | 2012409 | 1659844 | 83 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 495000 | 493332 | 94 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 650000 | 650000 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2250000 | 2128997 | 94 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 240000 | 0 | 0 |
| വി.ഇ.ഒ I | 10 | 6 | 1410990 | 1164790 | 82 |
| വി.ഇ.ഒ II | 6 | 6 | 33849262 | 10041576 | 30 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 6401652 | 4527653 | 70 |
| സെക്രട്ടറി | 43 | 35 | 7779028 | 5907093 | 75 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 67 | 48 | 17985131 | 10010535 | 51 |
| ഹെഡ്മാസ്റ്റർ | 3 | 3 | 342500 | 175260 | 52 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 1351000 | 376813 | 28 |
| ആകെ | 171 | 134 | 79612649 | 39861430 | 51 |

വിവിധ പ്രോജക്ടുകൾ നടപ്പിലാക്കിയത് 13 നിർവ്വഹണോദ്യോഗസ്ഥരാണ്. 79612649/- രൂപ അട നിശ്ചയിച്ച വാർഷിക പദ്ധതിയിലുൾപ്പെടുത്തി 39861430/- രൂപയാണ് തൻവർ ചെലവഴിക്കാനായത്. വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുകയിൽ 51% മാത്രമ തൻവർഷം ചെലവഴിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണത്തിന് ഏൽപ്പിച്ചിരുന പ്രോജക്ടുകളിൽ 48 എണ്ണം മാത്രമാണ് പൂർത്തിയാക്കി ബില്ല് മാറിയത്. അസിസ്റ്റ എഞ്ചിനീയർക്ക് 51% തുക മാത്രമാണ് ചെലവഴിക്കാനായത്. എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥ സമയബന്ധിതമായി പ്രോജക്ടുകൾ പൂർത്തിയാക്കുന്നുണ്ടെന്ന് അതാതുവർക്കിംഗ് ഗ്രൂപ്പു മോണിറ്ററിംഗ് നടത്തി ഉറപ്പു വരുത്തേണ്ടതാണ്.

**<u>പദ്ധതി നിർവ്വഹണം- പഞ്ചായത്തിന്റെ പൊതുസമീപനം</u>**

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് 25 വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 2022-23 വർഷം 1 പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുന്നു. പുതിയ കാലത്തിന്റെ വികസന സാധ്യത പരമാവധി പ്രയോജനപ്പെടുത്താനും വെല്ലുവിളികൾ കാര്യക്ഷമമായി ഏറ്റെടുക്കാനും വി വൈജ്ഞാനിക മേഖലകളിലെ വിദഗ്ദ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും സേവന പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനും ഗ്രാമപഞ്ചായത്തിന് ഉത്തരവാദിത്വമുണ്ട്. സ പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി ഗ്രാമപഞ്ചായത്തിനെ മാറ്റിയെടുക എന്നുള്ളതാവും പതിനാലാം പദ്ധതിയുടെ പൊതു സമീപനം. ആഗോള സുസ്ഥിര വിക ലക്ഷ്യങ്ങൾ നിശ്ചിത സമയത്തിന് മുന്നേ തന്നെ കൈവരിക്കുന്നതിനും സംരംഭകത്വം പരമാ പ്രോത്സാഹിപ്പിച്ച് തൊഴിൽ സാധ്യതകളും പൊതു സാമ്പത്തിക നില അഭിവൃദ്ധിപ്പെടുത്തുന്നതിനും പതിനാലാം പഞ്ചവത്സര പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

ഉത്പാദനവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുകയെന്നതും നൂതനങ്ങ അവസരങ്ങളുടെ വാതായനങ്ങൾ തുറന്നെടുക്കുകയെന്നതും വരുന്ന പദ്ധതിയ സമീപനമായിരിക്കും. സാമൂഹ്യനീതിയും ലിംഗ സമത്വവും ഉറപ്പാക്കുന്നതിന് പ്രേ പരിഗണന നൽകുന്നതാണ്. കുട്ടികളുടെ ആവശ്യങ്ങളെ ഗൗരവത്തോടെ ബഹുമാനത്തോടെയും പരിഗണിക്കുന്നതിനും ബാലസൗഹൃദ അന്തരീ സൃഷ്ടിക്കുന്നതിനുമായി ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിന് വരുന്ന പദ്ധതിയില ലക്ഷ്യമിടുന്നു. കൂടാതെ ഗ്രാമപഞ്ചായത്തിൽ രൂപപ്പെട്ട് വരുന്ന വയോജന ഭിന്നശേ സൗഹൃദമായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സ്ഥാപന വൽകരിക്കുന്നത് വരുന്ന പദ്ധതിയിലൂടെ നടപടികൾ ആവിഷ്ക്കരിക്കുന്നതാണ്.

ജീവിത ശൈലീ രോഗങ്ങൾ വർദ്ധിച്ച് വരുന്ന പശ്ചാത്തലത്തിൽ യോഗയ്ക്കുള്ള സർവ്വ ദേ സ്വീകാര്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആയുഷ് വെൽനെസ് സെന്ററില പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചു. ശുചിത്വമേറിയതും മാലിന്യമുക്തവു ഗ്രാമസൃഷ്ടിക്ക് പതിനാലാം പദ്ധതി വിഭാവനം ചെയ്യുന്നു.

ജൽജീവൻ മിഷൻ പദ്ധതി വഴി 2024 വർഷത്തോടെ എല്ലാ വീടുകളിലും കുടിവെ എത്തിക്കുന്നതിനും ലൈഫ് ഭവന പദ്ധതി വഴി എല്ലാവർക്കും സുരക്ഷിതമായ ഭവനം എ ലക്ഷ്യസാധ്യത്തിനും 14-ാം പഞ്ചവത്സര പദ്ധതി പ്രത്യേക പരിഗണന നൽകുന്നതാണ്. ഗ്രാമ പാതകൾ മെച്ചപ്പെട്ട രീതിയിൽ സഞ്ചാരയോഗ്യമാക്കുന്നതിനും തെരുവുവിളക്കുകള കാര്യക്ഷമത ഉറപ്പാക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളായിരിക്കും. പ്രകൃതി ദുരന്തങ്ങളെ കാലാവസ്ഥാ വ്യതിയാനത്തെയും അതിജീവിക്കാനുതകുന്ന ദുരന്തനിവാരണ പദ്ധത് പദ്ധതിയുടെ ഊന്നലുകളിലുൾപ്പെടുന്നു.

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 20 വർഷം 18 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. കുടുംബങ്ങൾക്ക് 33069 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാര പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 115 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതി പ്രവൃത്തികൾ പൂർത്തീകരിച്ചു. 33069 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്ത ആകെയുള്ള 113 അയൽകൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. പ്രകൃതി വ സംരക്ഷണത്തിന് മുൻഗണന നല്കി മഴ ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടാതെ റേ കോൺക്രീറ്റിംഗ്, ഭവനനിർമ്മാണം എന്നിവയും നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ക്യാഷ് | 23907 | 1409417 | 1433324 | 1431354 | 1970 |
| ഇ.എഫ്.എം.എസ് | 0 | 17206694 | 17206694 | 17206694 | 0 |
| ആകെ | 23907 | 18616111 | 18640018 | 18638048 | 1970 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവ തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| വാർദ്ധക്യകാലപെൻഷൻ | 16110600 | 1660 |
| കർഷകതൊഴിലാളി പെൻഷൻ | 2232200 | 216 |
| വിധവാപെൻഷൻ | 5146600 | 524 |
| 50 വയസിലധികം പ്രായമുള്ളവർക്ക് അവിവാഹിത പെൻഷൻ | 335800 | 38 |
| വികലാംഗപെൻഷൻ | 1751400 | 162 |
| വിവാഹ ധനസഹായം | 330000 | 11 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാല പരിശോധന 24.07.2023 തീയതിയിൽ 3.10 പി എം-ന് ഹെഡ്ക്ലർക്കിന്റെ സാന്നിധ്യത്ത നടത്തുകയുണ്ടായി. പരിശോധനയിൽ 8668/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ ക്യ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തന കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രക ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെ ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥ മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്ന നികുതി കുടിശിക ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/02/2015 -09/03/2015 | 2009-10 മുതൽ 2013-14 വരെ | LBA(HQ)-II/8-B-1319/301 തീയതി 12/01/2018 |

## 1-11 ഓൺലൈൻ രസീത് വരവുകൾ - IKM-ൽ നിന്നും തുക പഞ്ചായത്തിന് ലഭിക്കുന്നതിന് കാലതാമസം

വിവിധ സേവനങ്ങൾക്കും നികതി-നികുതിയേതര വരവുകൾക്കും ഓൺലൈനായി ( ഒടുക്കുന്നത് പഞ്ചായത്തിന്റെ 67393434454 എന്ന എസ്.ബി.ഐ. അക്കൗണ്ടിലേക്ക ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്യിരിക്കുന്ന ടി അക്കൗണ്ടിൽ റ രസീത് ചെയ്ത ശേഷം മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രെഡിറ്റാകുന്നത പരിശോധനയിൽ കാണുന്നു. പഞ്ചായത്തിന്റെ മേൽപറഞ്ഞ ഓൺലൈൻ ആവശ്യത്തിന ബാങ്ക് അക്കൗണ്ടിന്റെ മാർച്ച്-2023 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 31/03/2023 ( രസീത് ചെയ്തതിൽ 28256/- (Cheque Deposited But Not Cleared) രൂപ ലഭിക്കാനുണ്ട്. ഓൺലൈൻ അ ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയ പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന്റെ വരുമാനം IKM-ൽ നിന്നും ലഭിക കാലതാമസം ഉണ്ടാകുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/29 നിലവിൽ തുകകളെല്ലാം ലഭ്യമായിട്ടുണ്ടെന്ന് മറുപടി ലഭ്യമായി. പഞ്ചായത ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് വ തലത്തിൽ IKMമായി ബന്ധപ്പെട്ട് യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഓ അഭിപ്രായപ്പെടുന്നു.

## <u>1-12 വസ്തു നികുതി ഇനത്തിൽ കുടിശിക</u>

1. വസ്തുനികുതിയിനത്തിൽ 31.03.2023-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 3923943/- കുടിശിക ഉള്ളതായി കാണുന്നു.

2. പഞ്ചായത്ത് പരിധിയിലുള്ള റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് എന്ന കമ്പനിയ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറിന്റെ (5/272 A) വസ്തുനികുതിയിനത്തിൽ 2022-23 വരെ 1 രൂപ കുടിശികയുണ്ട്.

വസ്തുനികുതി കുടിശികകൾ പിരിച്ചെടുക്കാനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/31.7.23) വസ്തുനിക കുടിശിക ഈ സാമ്പത്തിക വർഷം തന്നെ പൂർണ്ണമായി പിരിച്ചെടുക്കാൻ നട സ്വീകരിക്കുമെന്ന് മറുപടി ലഭിച്ചു. വസ്തുനികുതിയിൽ പ്രധാന പങ്കും ലേബർ ഇന്ത്യ പ സ്കൂളുമായി ബന്ധപ്പെട്ട കോടതി വ്യവഹാരം മൂലമുള്ളതാണെന്ന് പരിശോധന ബോധ്യപ്പെട്ടു. നിലവിൽ പലിശയുൾപ്പെടെ ടി സ്ഥാപനത്തിന്റെ കുടിശിക തുക അടവാക തവണ വ്യവസ്ഥ അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥാപന ഉടമ പഞ്ചായത്തിന് ക നൽകിയിട്ടുള്ളതാണ്. ഉചിതമായ നടപടികൾ സ്വീകരിച്ച് തുക ഈടാക്കി ഓഡി അറിയിക്കേണ്ടതാണ്.

## <u>1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേ മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പെതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങ % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയ റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ( നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റു പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ ( നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
| 1 | 1/49 B | ബോണി കെ ജോൺ | പുല്ലുവട്ടം വാക്കാട് റോഡ് | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 2 | 1/170 B | വാസുദേവൻ മുണ്ടുചിറയിൽ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 11/152 A | പി.എ.ജോസഫ് | കുറിച്ചിത്താനം പൂവത്തിങ്കൽ റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 11/21 B | രശ്മി | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 5 | 3/419 C | നിധിൻ സണ്ണി | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | 3/407 A | സുമേഷ് എൻ | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |
| 7 | 3/218 B | ഫിലിപ് ജോസഫ് | മരങ്ങാട്ടുപിള്ളി ഉഴവൂർ റോഡ് | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 8 | 4/123 A,B | ജോണി എബ്രഹാം | | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ് |

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത (25/31.7.23) എല്ലാ കെട്ടിടങ്ങളെയും പ്രവേശനമാർഗം 5 മീറ്ററിൽ കൂടുതലാക്കി നിക പുനർനിർണയിച്ചതായി അറിയിച്ചു. ഇതു കൂടാതെ എൻക്വയറി 25/31.7.23 മുഖേന ഏതാ കെട്ടിടങ്ങളുടെ പ്രവേശന മാർഗം 5 മീറ്ററിൽ താഴെയുള്ള റോഡിൽ നിന്ന് എന്നു തെറ്റ രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് നൽകിയ എൻക്വയറിയെ തുടർന്ന് പ്ര കെട്ടിടങ്ങളുടെ നികുതിയും പരിഷ്കരിച്ച് മറുപടി ലഭ്യമാക്കി. കെട്ടിട നിക നിർണ്ണയിക്കുമ്പോൾ ആവശ്യമായ ഇളവുകളും വർദ്ധനവുകളും വരുത്തി നിക നിർണ്ണയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ റോഡ് മ കാലോചിതമായി പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനിക നിർണ്ണയത്തിലെ അപാകതകളുണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-14 എയർ കണ്ടീഷനിംഗ് സംവിധാനത്തിന് അധിക വർധന വരുത്തിയിട്ടില്ല

ശ്രീ മാത്യു തോമസ്, കാഞ്ഞിരംതറപ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും യഥാക്ര 58.64ച.മീ., 281.11ച.മീ, 18.86 ച.മീ. വിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത ഉപയോഗിക്കുന്നതുമായ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പ മാളുകൾ എന്ന ഗണത്തിലുൾപ്പെട്ട 5/45 A,B,C എന്നീ കെട്ടിടങ്ങൾ റിലയൻസ് റീടെ ലിമിറ്റഡിന് വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. ടി സ്ഥാപനം സെൻട്രലൈസ്ഡ് എ കണ്ടീഷനിംഗ് സംവിധാനത്തോടെ പ്രവർത്തിക്കുന്നതാണെന്ന് കാണുന്നു. എന്ന കെട്ടിടത്തിന് സെൻട്രലൈസ്ഡ് എയർ കണ്ടീഷനിംഗ് സംവിധാനമുള്ള സ്ഥാപനങ്ങ ബാധകമാക്കാവുന്ന 15% വർദ്ധനവ് വരുത്തിയിട്ടില്ലെന്ന് കാണുന്നു. ഇതു സംബന്ധിച്ച് നൽ

ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.18 /31.7.23) ന് പരിശോധിച്ച് നട
സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ആവശ്യമായ ഫീൽഡ് പരിശോധന നട
അധിക വർദ്ധന ബാധകമാക്കി വസ്തുനികുതി പുനർനിർണയിച്ച് ഓഡി
അറിയിക്കേണ്ടതാണ്.

## 1-15 അനധികൃത നിർമാണത്തിന്മേൽ നടപടി സ്വീകരിച്ചില്ല

പഞ്ചായത്ത് ഓഫീസിനു സമീപത്ത് സ്ഥിതി ചെയ്യുന്ന ബിഎസ്എൻഎൽ മൊബൈൽ
നാളിതുവരെയായി നികുതി നിർണ്ണയത്തിൽ ഉൾപ്പെടാതെ അവശേഷിക്കുന്നത
പരിശോധനകളിൽ ബോധ്യപ്പെട്ടു. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെടെ ഈ വിഷ
ശ്രദ്ധയിൽപ്പെടുത്തിയിട്ടും ടി മൊബൈൽ ടവറിനെ അനധികൃത നിർമിതിയ
കണക്കിലെടുത്ത് UA രജിസ്റ്ററിൽ ചേർക്കുകയോ അനധികൃത നിർമാണത്തി
സ്വീകരിക്കേണ്ട നിയമാനുസൃത നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നു കാണ
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (21/31.7.23) ബിഎസ്എൻഎൽ, കോട്ടയം
ഓഫീസുമായി കത്തിടപാടുകൾ നടത്തിയിട്ടുണ്ടെന്നും അപേക്ഷകളും അനുബന്ധരേഖ
ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. കൂടാതെ, നടപ്പു സാമ്പത
വർഷം തന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ട
രേഖകളും വിശദാംശങ്ങളും ലഭ്യമാക്കുന്നില്ലെങ്കിൽ ഫീൽഡ് തല പരിശോധന നട
ടവറിന്റെ വിശദാംശങ്ങൾ ശേഖരിച്ച് അനധികൃത കെട്ടിടമായി ഉൾപ്പെടുത്തി ചട്ടപ്രകാരമ
നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ ലൈസ
എടുത്തിട്ടില്ലെന്ന് രജിസ്റ്റർ പരിശോധനയിൽ കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്ന

| ക്രമ നം | സ്ഥാപനത്തിന്റെ/ വ്യക്തിയുടെ പേര്, | വാർഡ് നം./ കെട്ടിട നം | സ്ഥാപനത്തിന്റെ തരം |
|---|---|---|---|
| 1 | ജോഷി വർക്കി, മോഡേൺ ട്രേഡേഴ്സ്, | 4 | ഫർണിച്ചർ, കിടക്ക വ്യാപാരം |
| 2 | ജെയിംസ് ജോസഫ്, ഏഞ്ചൽ ടീ ഷോപ്പ് | 3/49 | ചായക്കട |
| 3 | സാബു ടി.കെ., തടത്തിൽ | 7/408 A | എസി, ഫ്രിഡ്ജ് സർവീസ് സെന്റർ |
| 4 | സുനീഷ് കെഎസ്, എസ് ഡി അലുമിനിയം ഫേബ്രിക്കേഷൻസ് | 3/123 | അലുമിനിയം ഫേബ്രിക്കേഷൻ മെറ്റീരിയൽ വ്യാപാരം |
| 5 | മുരളീധരൻ ടി.പി, രണ്ടാനിത്തടത്തിൽ | 13/245 | പഴം,പച്ചക്കറി വ്യാപാരം |
| 6 | പി.എ.ബെന്നി, പുന്നയ്ക്കൽ | 5/444 | പലചരക്ക് വ്യാപാരം |
| 7 | ധന്യ വിഷ്ണു, കുഴിമറ്റത്തിൽ | 13/263 E | ഫോട്ടോസ്റ്റാറ്റ്, ഡിടിപി |
| 8 | മഞ്ജു ബിജോ, ചിറ്റക്കാട്ട് | 1/161,163 | ബേക്കറി, സ്റ്റേഷനറി |

| | | | |
|---|---|---|---|
| | | | വ്യാപാരം |
| 9 | ജോൺസി ദേവസ്യ, പെരികലത്തേൽ | 1/163 A | ഡിടിപി, ഫോട്ടോസ്റ്റാറ്റ് |
| 10 | വിജയൻ കെഎസ്, വിനീത് ഭവൻ | 6/312 | ബേക്കറി ഉൽപ്പന്നങ്ങൾ വ്യാപാരം |

2. പഞ്ചായത്തിന്റെ മുറികൾ വാടകയ്ക്കെടുത്ത് പ്രവർത്തിക്കുന്ന വ്യക്തി ലൈസൻസെടുക്കാതെ പ്രവർത്തിക്കുന്നതായി രജിസ്റ്റർ പരിശോധനയിൽ നിന്നും കാണു വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മുറി വാടകയ്ക്കെടുത്ത വ്യക്തി | കെട്ടിട നമ്പർ(രജിസ്റ്റർ പ്രകാരം) |
|---|---|---|
| 1 | രാജേഷ് കുമാർ, ചെറിയാൻ | 5/52,53 |
| 2 | രഞ്ജിത് ജോസ് ഇളംമ്പുംകോടത്ത് | 5/55, 60 |
| 3 | പ്രസിഡന്റ്, വിഎഫ് സി കെ | ലഭ്യമല്ല |
| 4 | ശ്യാംദാസ് കെ മ്യാലിൽ | ലഭ്യമല്ല |
| 5 | വൽസല, നിർമൽ ശ്രീ ടെയലറിംഗ് യൂണിറ്റ് | 8/168 |
| 6 | സിബു എംഎസ്, അക്ഷയ സെന്റർ | 8/169 |
| 7 | ജയകുമാരി എംപി, മുണ്ടിയാനിക്കൽ | 5/59 |
| 8 | തങ്കച്ചൻ പുത്തേട്ട് | ലഭ്യമല്ല |

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളും റേഷൻ കടക ലൈസൻസെടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (22/31.7.23) ഫീസ് അടവാക്കാത്തതിനാ ആവശ്യമായ രേഖകളുടെ അഭാവത്തിലുമാണ് ലൈസൻസ് അനുവദിക്കാത്തതെന്ന് മറു ലഭ്യമാക്കി. നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച്, പഞ്ചായ പരിധിയിലുള്ള സ്ഥാപനങ്ങളെല്ലാം ലൈസൻസെടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉ വരുത്തേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമ സൂക്ഷിക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെത നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വാടക - അപാകതകൾ

1. പഞ്ചായത്തിന്റെ മുറി വാടകയ്ക്ക് എടുത്തിരുന്ന ഡോ. രാജു മാത്യു മേൽവെട്ടം എന്ന വ്യ 12/22 മുതൽ മുറി ഒഴിവായിട്ടുള്ളതാണ്. വീണ്ടും ലേലം നടത്തിയത് സംബന്ധിച്ച വിശദാംശ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.10/29.07.2023) ലേ നടത്തിയെങ്കിലും ആരും പങ്കെടുത്തില്ലെന്ന് മറുപടി ലഭിച്ചു. മുറി പുനർലേലം നട വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതും പഞ്ചായത്തിന്റെ തനതു വരുമ നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡി അറിയിക്കേണ്ടതാണ്.

2. വാടകയ്ക്ക് കൊടുക്കുന്ന മുറികളുടെ വാടക നിരക്കിൽ 5% വർദ്ധ
വരുത്തിയിട്ടുണ്ടെങ്കിലും വാടക ഡെപ്പോസിറ്റിൽ മാറ്റം വരുത്തിയിട്ടുള്ളതായി കാണുന്ന
വാടക ഡെപ്പോസിറ്റ് ഓരോ വർഷവും പുതുക്കുന്നതിന് ആവശ്യമായ നടപടി
സ്വീകരിക്കുന്നില്ല. ഓരോ വർഷവും വാടക ഡെപ്പോസിറ്റിൽ കാലികമായ വർദ്ധനവ് വരു
ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 കെ.യു ആർ.ഡി എഫ് സി ലോൺ -അധികം തുക സ്രോതസിൽ നിന്നും കുറവു ചെയ്തു

മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന് ലൈഫ് ഭവന പദ്ധതിയ്ക്ക
കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 2018-19 സാമ്പത്തിക വർഷം 895,020/-
വായ്പയിനത്തിൽ ലഭിച്ചിരുന്നു. ലൈഫ് മിഷൻ പദ്ധതിയ്ക്കായി കെ.യു.ആർ.ഡി.എഫ്
ലോൺ തുക 03/2022 വരെ തിരിച്ചടയ്ക്കാൻ അവശേഷിച്ചത് 543,020/- രൂപയായിരുന്നു. എന്ന
2021-22 സാമ്പത്തിക വർഷം തിരിച്ചടച്ചത് 748,000/- രൂപ ആയിരുന്നു (സ്രോതസിൽ നിന്നും ക
ചെയ്തത്). ടി വർഷം അധികമായി അടവാക്കിയത് 204,980/- രൂപയായിരുന്നു. ഇത്രയും (
അധികമായി അടവാക്കിയത് കൂടാതെ ഓഡിറ്റ് വർഷം 2022-23ൽ 827,009/- രൂപ സ്രോതസ
നിന്നും കുറച്ചിട്ടുണ്ട്. ആയതിനാൽ ടി തുക ഉൾപ്പെടെ 1,031,989/- രൂപ 03/2023 (
കെ.യു.ആർ.ഡി.എഫ്.സി. ലോൺ ഇനത്തിൽ അധികമായി അടവാക്കിയിട്ടുണ്ട്. അധിക അ
സംബന്ധിച്ച വിശദീകരണം ഓഡിറ്റ് സമാപന യോഗത്തിൽ അന്വേഷിച്ചപ്പോൾ കൂടുതല
കുറവു ചെയ്ത തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതിനും തുടർന്നുള്ള അലോട്ട്മെന്റ
കുറവ് വരുത്താതിരിയ്ക്കണമെന്നും ആവശ്യപ്പെട്ട് ധനകാര്യവകുപ്പ് ജോയിന്റ് സെക്രട്ടറിക
കത്ത് നൽകിയതായി അറിയിച്ചു. അധികമായി കുറവ് ചെയ്ത തുക ലഭ്യമാക
തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 അധിക വിഭവ സമാഹരണം- അവലോകനം

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസര
വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓ
നടത്തിയതിൻ പ്രകാരം കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദേശങ്ങൾ അവതരിപ്പിക്കുന്നത
ആയത് നടപ്പിലാക്കുന്നതിനും ബജറ്റ് നിർദേശ പ്രകാരമുള്ള തനതു വരവിനെ
കുടിശികയില്ലാതെ പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ധനകാര്യ സ്റ്റാന്റിംഗ് കമ
കാര്യമായി ഇടപെടൽ നടത്തിയിട്ടില്ലെന്നു കമ്മിറ്റി മിനിറ്റ്സ് പരിശോധനയിൽ ബോധ്യപ്പെട്ട

2. 22.03.2023ലെ ജി.ഒ.(എം.എസ്)നം.77/2023/എസ്.ജി.ഡി ഉത്തരവിലെ നിർദ്ദേശ പ്രകാരം 01.04
പ്രാബല്യത്തിൽ പരിഷ്ക്കരിച്ച വസ്തു നികുതി നിരക്കുകൾ 10.5.2023 ലെ 15(1) ന
തീരുമാനപ്രകാരം അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്ന
സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തി നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. (
നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട
വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോ
നടത്തി സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധന
30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ വിവരശേഖരണത്ത
ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗസ്ഥരെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെ
പറയുന്നുവെങ്കിലും മതിയായ ഉദ്യോഗസ്ഥരെ കണ്ടെത്തി ഫീൽഡ് പരിശോധന തുടങ്ങിയി
1.4.2023 പ്രാബല്യത്തിൽ 5% നികുതി വർദ്ധനവ് സോഫ്റ്റ് വെയറിൽ പുതുക്കിയിട്ടുണ്ട്.

വസ്തുനികുതിയിനത്തിൽ വലിയ തുക കുടിശികയവശേഷിക്കുന്നുണ്ട്. ലേബർ ഇ
പബ്ലിക് സ്കൂളുമായി ബന്ധപ്പെട്ട കോടതി വ്യവഹാരമാണ് വസ്തുനികുതി കുടിശികയ്ക്ക് പ്ര
കാരണം. ആയത് നിലവിൽ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

പഞ്ചായത്തിന്റെ റോഡ് കണക്റ്റിവിറ്റി മാപ്പ് പരിഷ്കരിക്കേണ്ട സാഹചര്യമാണുള
പലപ്പോഴും ഒരേ റോഡിന് വിവിധ തരത്തിലായി നികുതി ഇളവും വർദ്ധനവും നൽകി വ
സാഹചര്യമാണുള്ളത്.

അനധികൃത കെട്ടിടങ്ങളെ കണ്ടെത്തി ക്രമവൽക്കരിക്കുന്നതിൽ വീഴ്ചയുള്ളത പരിശോധനകളിൽ ബോധ്യപ്പെട്ടു. പഞ്ചായത്ത് ഓഫീസിനു പരിസരത്തു തന്നെയ മൊബൈൽ ടവറിന് നിലവിലും നികുതി നിർണയിക്കുകയോ അനധികൃത നമ്പർ നര തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

3. തൊഴിൽ നികുതിയിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം കുടിശികയില്ലെങ് പ്രൊഫഷണൽസ്, ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർ ചാർട്ടേഡ് അക്കൗണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതിയിൽ നിന്നും ഒഴിവായി നിൽക്കുന്നുണെ കാണുന്നു. കൃത്യമായ ഡേറ്റാ ബാങ്ക് ശേഖരിച്ച് പരമാവധി പേരിൽ നിന്നും തൊഴിൽ നിക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ലൈസൻസെടുക്കാതെ ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്ത വരുന്നുണ്ട്. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് നിലവിലും സൂക്ഷിക്കുന്നില്ല.

5. വാടക പിരിവ് വാർഷിക ധനകാര്യപത്രിക പ്രകാരം പൂർണ്ണമാണെങ്കിലും നില ഈടാക്കിക്കൊണ്ടിരിക്കുന്ന വാടക കാലോചിതമായി പരിഷ്കരിച്ചിട്ടില്ലെന്നു കാണു നിലവിലും മുറികൾ വളരെ ചെറിയ വാടക നിരക്കിലാണ് നൽകി വരുന്നത്.

6. പഞ്ചായത്തിന്റെ വാടക മുറികൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ധാരാളം ടാക്സികൾ പാ ചെയ്യുന്നുണ്ടെങ്കിലും ഫീസ് പിരിക്കുന്നതിനോ വരുമാന വർദ്ധനവിനു വേണ്ട നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

## 1-20 വിട്ട് കിട്ടിയ ഭൂമി പോക്കുവരവ് ചെയ്ത് ആസ്തിയിൽ ഉൾപ്പെടുത്തിയില്ല

വട്ടത്തോട്ടത്തിൽ വീട്ടിൽ മത്തായി മകൻ ജോസഫ് എന്ന വ്യക്തി പ്രൈമറി ഹെൽത്ത് സെ നിർമ്മിക്കുന്ന ആവശ്യത്തിലേക്ക് സൗജന്യമായി പഞ്ചായത്തിന് വിട്ട് നൽകിയ 1.93 ആർ (റീസർവ്വേ നം.184/6) 24.01.2023 ൽ രജിസ്റ്റർ ചെയ്തതിന്റെ അനുബന്ധ ചെലവുക 22200900/10.02.2023 നമ്പർ വൗച്ചർ പ്രകാരം 6000 രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ട എന്നാൽ പ്രസ്തുത സ്ഥലം നാളിതുവരെ വില്ലേജ് രേഖകളിൽ പോക്ക് വരവ് ചെയ്ത് ഭൂനിക അടയ്ക്കുകയോ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തുകയോ ചെയ്തി ആധാരത്തിൽ പ്രസ്തുത ഭൂമിയുടെ തരം നിലമെന്നാണ് രേഖപ്പെടുത്തിയിട്ടുള ഇത്തരത്തിലുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണം നടത്തുന്നതിന് സാദ്ധ്യമാണോ ഉറപ്പാക്കിയതായും കാണുന്നില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓ എൻക്വയറിയ്ക്ക് (നം.28/01.08.23) മറുപടി ലഭ്യമാക്കിയില്ല. സ്ഥലം പോക്ക് വരവ് ചെയ്ത് അടയ്ക്കേണ്ടതും പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടുത്തി വിവരം അറിയിക്കേണ്ടതുമ കൂടാതെ പൊതു ആവശ്യത്തിന് കെട്ടിട നിർമ്മാണത്തിനായി സൗജന്യമായി ലഭിക സ്ഥലങ്ങൾ ന്യൂനതകൾ ഇല്ലാത്തവയാണെന്ന് ഉദ്യോഗസ്ഥരും ഭരണസമിതിയും ഉറപ്പാക്കു ശ്രദ്ധിക്കേണ്ടതുമാണ്.

## 1-21 ടേക്ക് എ ബ്രേക്ക് കുഴൽ കിണർ നിർമ്മാണം- ചെലവഴിക്കാത്ത തുക തിരി ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ 183/23 ടേക്ക് എ ബ്രേക്ക് കുഴൽ കിണ പമ്പ് സെറ്റ് ഘടിപ്പിക്കൽ) പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 833764/21. പ്രകാരം 35831/- രൂപ പിൻവലിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ടേക്ക് എ ബ്രേക്ക്, നിർമ്മാ പൂർത്തീകരിച്ചിട്ടും പ്രവർത്തനം ആരംഭിക്കാത്തത് സംബന്ധിച്ച് പരാതികൾ ഉള്ളതിനാ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് താരത കൂടുതലായതിനാലും (108000/-രൂപ) ക്വട്ടേഷൻ നടപടികളിലൂടെയാണ് പ്രവൃ പൂർത്തീകരിച്ചിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ടേക്ക് എ ബ്രേക്ക് കുഴൽ കി നിർമ്മാണത്തിനായി മുൻ വർഷം ഒടുക്കിയ 65140/- രൂപയിൽ 56520/- രൂപ മാത്രമേ പ്രോജക്ടിന ചെലവഴിച്ചിട്ടുള്ളൂ എന്നും 8620/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു എന്നും ഗ്രൗണ്ട് വ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രത്തിൽ (GWK/1484/2021/6

വ്യക്തമാക്കിയിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന 8620/- രൂപ തിര ലഭ്യമാക്കിയിട്ടുണ്ട് എങ്കിൽ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടത എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/22-23/ 30.07.23ന് ലഭ്യമാക മറുപടിയിൽ 'തുക തിരികെ ലഭ്യമാക്കേണ്ടതാണ്' എന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുള്ളത എന്നറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. ഗ്രൗണ്ട് വ ഡിപ്പാർട്ട്മെന്റിൽ അവശേഷിക്കുന്ന 8620/- രൂപ തിരികെ ലഭ്യമാക്കേണ്ടതും പ്രേ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 പേവിഷ നിർമ്മാർജ്ജനം - കുത്തിവയ്പ്പ് നൽകിയ നായകൾക്ക് പഞ്ചായത്ത് ലൈസൻസ് ലഭ്യമാക്കിയില്ല

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ട് (നമ്പർ 69/23 പേവിഷ നിർമ്മാർജ്ജ പ്രകാരം വികസന ഫണ്ടിൽ നിന്നും ബിൽ നമ്പർ 2/15.11.22 പ്രകാരം 37441/- രൂപ പിൻവ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ വച്ച് വളർത്തുനായകൾക്ക് പേ പ്രതിരോധ കുത്തിവെയ്പ്പ് എടുത്തതായി കാണുന്നു. എന്നാൽ പ്രോജക്ട് നടപ്പാക്കിയതി വിശദാംശങ്ങളോ, എത്ര നായകൾക്ക് കുത്തിവെയ്പ്പ് എടുത്തു എന്ന വിവരമോ ഫയലിൽ ലഭ്യ മാത്രമല്ല പ്രതിരോധ കുത്തിവയ്പ്പ് എടുത്ത നായകൾക്ക് പഞ്ചായത്ത് ലൈസ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് വിശദീകര ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/22-23/30.07 ലഭ്യമാക്കിയ മറുപടിയിൽ 26.09.22 മുതൽ 31.09.22 വരെ തീയതികളിലായാണ് ക്യാമ്പു നടത്തിയിട്ടുള്ളത് എന്നും വിവിധ ക്യാമ്പുകളിലായി 680 വളർത്തുനായകൾക്ക് പ്രതി കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ രേഖകൾ പ്രക 2022-23 സാമ്പത്തിക വർഷം ആകെ 298 വളർത്തുനായകൾക്ക് മാത്രമാണ് ലൈസ നൽകിയിട്ടുള്ളത്. ഇതിൽ പ്രതിരോധ കുത്തിവയ്പ്പ് എടുത്ത നായകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന വ്യക്തമല്ല. പേവിഷ നിർമ്മാർജ്ജനം പ്രോജക്ട് പ്രകാരം പ്രതിരോധ കുത്തിവെയ്പ്പ് എടുക നായകൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിര എങ്കിലും അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 അങ്കണവാടി പൂർത്തീകരണത്തിനായി തുക കൈമാറി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

